# മഹാത്മാഗാന്ധി സർവ്വകലാശാല

സംഗ്രഹം

അന്തർസർവ്വകലാശാലാ വിദ്യാലയ കേന്ദ്രം -- സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് & കമ്മ്യൂണിക്കേഷൻ സ്കിൽസ് (CELCS) നടത്തുന്ന കോഴ്സ്, വിദൂര വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടത്തുന്നത് - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ7 സെക്ഷൻ

**യു.ഓ നം.6585/എ7/3/2017/ഭ:വി** **പ്രിയദർശിനി ഹിൽസ്, തീയതി 04.11.2017**

പരാമർശം 1. യു.ഓ നം.2766/എ7/3/2017/ഭ:വി; തീയതി. 11.05.2017

2. ഡോ.എം.എസ് ലതയുടെ റിപ്പോർട്ട്; തീയതി.12.07.2017

3.സിൻഡിക്കേറ്റ് മിനിട്ട്സ് തീയതി. 17.10.2017; ഇനം നം. 103/17.13/172059

## ഉത്തരവ്

അന്തർവിദ്യാലയ കേന്ദ്രമായ സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് & കമ്മ്യൂണിക്കേഷൻ സ്കിൽസ് (CELCS) -നെ സ്കൂൾ ഓഫ് ലെറ്റേഴ്സ്-ലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച് അന്വേഷണം നടത്തി ശിപാർശകൾ സമർപ്പിക്കുവാൻ 29.04.2017 നു കൂടിയ സർവ്വകലാശാലാ സിൻഡിക്കേറ്റ്, സിൻഡിക്കേറ്റ് അംഗമായ ഡോ.എം.എസ്.ലത-യെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഇതിൻ പ്രകാരം ഡോ.എം.എസ് ലത സമർപ്പിച്ചിരുന്ന റിപ്പോർട്ടിൽ, കുട്ടികളിൽ ആശയവിനിമയം വളർത്തുന്നതിനായി ഒരു ഹ്രസ്വകാല കോഴ്സ് മാത്രമായിരുന്നു പ്രസ്തുത കേന്ദ്രത്തിൽ നിലവിലുണ്ടായിരുന്നതെന്നും കഴിഞ്ഞ അദ്ധ്യയനവർഷം മുതൽ ഈ കോഴ്സിൽ കുട്ടികളൊന്നും തന്നെ ഉണ്ടായിരുന്നില്ലായെന്നും കണ്ടെത്തി. തുടർന്ന് പ്രസ്തുത അന്വേഷണറിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു.

17.10.2017 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം CELCS-ലെ കോഴ്സ്, വിദൂര വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടത്തുവാൻ പരാമർശം (3) പ്രകാരം തീരുമാനം കൈക്കൊണ്ടു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
സുനിൽ ബാബു.കെ
അസിസ്റ്റന്റ് രജിസ്ട്രാർ (ക്യാപ്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. ഓണററി ഡയറക്ടർ, CELCS, ഡയറക്ടർ, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ
2. വൈസ് ചാൻസിലറുടെ/ പ്രൊ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ
4. ജോയിന്റ് രജിസ്ട്രാർ -1(ഭ:വി), ഡെപ്യൂട്ടി രജിസ്ട്രാർ-1(ഭ:വി ), അസി.രജിസ്ട്രാർ (ക്യാപ്)
5. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എം.ജി.യു ഓഡിറ്റ് )
6. എസി സി, ഫിനാൻസ് 1/4, ഓഡിറ്റ് 1/5,ഐ.ക്യു.എ.സി, കണ്ടന്റ് മാനേജ്മെന്റ്, റെക്കോർഡ്സ്
7. സ്റ്റോക്ക് ഫയൽ, ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം.6/എ7/CELCS/ 3/2017/ഭ:വി